സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വിനോദ സഞ്ചാര വികസനപദ്ധതി

5(*290) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വിനോദസഞ്ചാര വികസന പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനത്തിന്റെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചെന്നു വ്യക്തമാക്കുമോ ;

(സി) വിനോദസഞ്ചാര വികസനത്തിൽ കൂടുതൽ സ്വകാര്യപങ്കാളിത്തം സർക്കാർ ലക്ഷ്യമിടുന്നുണ്ടോ ; ഇതിനായി പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) വിനോദസഞ്ചാര വികസന പദ്ധതികളുമായി മുന്നോട്ടുവരുന്ന സ്വകാര്യ മേഖലയ്ക്ക് എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ ഏർപ്പെടുത്തി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ കായലോരം, ഉൾനാടൻ ജലാശയങ്ങൾ ഇവയുടെ പ്രയോജനം പരമാവധി ഉപയോഗിച്ചുകൊണ്ടുള്ള വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ&ബി) സംസ്ഥാനത്ത് സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പദ്ധതികൾ നടപ്പാക്കാനായി സ്ഥാപിച്ച രണ്ട് സംയുക്തസംരംഭങ്ങളായ താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്സ് ലിമിറ്റഡ്, ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്സ് ലിമിറ്റഡ് എന്നിവയുടെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്സ് ലിമിറ്റഡ്, കൊച്ചി, കുമരകം, തേക്കടി, വർക്കല എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മുന്തിയ ഹോട്ടലുകൾ നല്ല രീതിയിൽ പ്രവർത്തിപ്പിച്ചുവരുന്നു. ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്സ് തേക്കടിയിൽ സ്വന്തമായി വാങ്ങിയസ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഹോട്ടൽ പണിയുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. നിലവിലുള്ള സംയുക്ത സംരംഭങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാനായി താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്സ് ലിമിറ്റഡിന് ബേക്കലിൽ ഒരു റിസോർട്ട് സൈറ്റും, ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്സ് ലിമിറ്റഡിന് ബേക്കലിൽ ഒരു സൈറ്റും, പാതിരാമണൽ ദ്വീപും വികസനപ്രവർത്തനങ്ങൾക്കായി പാട്ടത്തിനു നൽകാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ വേളിയിൽ അന്തർദേശീയ നിലവാരമുള്ള അമ്യൂസ്മെന്റ് പാർക്ക്, വാഗമണിൽ അന്തർദേശീയ നിലവാരമുള്ള ഗോൾഫ് സൗകര്യങ്ങൾ, ടൂറിസം റിസോർട്ടുകൾ എന്നിവ ഏർപ്പെടുത്താനുള്ള നടപടികൾ നടന്നുവരുന്നു. ലീല ഗ്രൂപ്പ്, പാർക്ക് ഗ്രൂപ്പ് എന്നീ ഹോട്ടൽ ശൃംഖലകളുമായി ചേർന്ന് സംയുക്തമേഖലാ സംരംഭം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ കെ.ടി.ഡി.സി.യുടെ സബ്സിഡിയറിയായ ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡ് നടത്തിവരുന്നു.

(ഡി) വിനോദസഞ്ചാര വികസന പദ്ധതികളുമായി മുമ്പോട്ടുവരുന്ന സ്വകാര്യമേഖലയെ സഹായിക്കുന്നതിനായി ടൂറിസം ഒരു വ്യവസായമായി സർക്കാർ 1986-ൽ പ്രഖ്യാപിച്ചതിനെത്തുടർന്ന് വിവിധ തരത്തിലുള്ള ഇളവുകൾ നൽകിവരുന്നുണ്ട്. ഇപ്പോൾ താഴെപ്പറയുന്ന ഇളവുകളാണ് നൽകി വരുന്നത് :

1. മൊത്തം നിക്ഷേപത്തിന്റെ 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി (പരമാവധി 10 ലക്ഷം രൂപ വരെ)
2. കേരള ഫിനാൻഷ്യൽ കോർപ്പറേഷനുകളിൽനിന്നും മറ്റും വായ്പ അനുവദിക്കുന്നതിനു സഹായം.
3. ക്ലാസിഫൈഡ് ഹോട്ടലുകൾക്ക് ഇലക്ട്രിസിറ്റി ചാർജിലുള്ള ഇളവുകൾ.

(ഇ) സംസ്ഥാനത്ത് കായലോരം, ഉൾനാടൻ ജലാശയങ്ങൾ ഇവ പരമാവധി പ്രയോജനപ്പെടുത്തി ടൂറിസം വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. കായലോര വിശ്രമകേന്ദ്രങ്ങൾ, ബോട്ടുജെട്ടി നിർമ്മാണം ഇവ ഇതിൽപ്പെടും. കായംകുളം, ആലുംകടവ്, അതിരപ്പിള്ളി , ആറൻമുള, പരവൂർ എന്നിവിടങ്ങളിലെ മലയോര വിശ്രമകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കി. കുട്ടനാട്-പമ്പ ഭാഗത്ത് ബോട്ട്. ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറാക്കി. കായലോരങ്ങളിൽ സൈനേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ് ബോട്ടുകൾ വ്യാപകമാക്കാനും നടപടി സ്വീകരിച്ചു. കൊല്ലം, ആലപ്പുഴ, കുമരകം, കൊച്ചി, കോഴിക്കോട്, കണ്ണൂർ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് 150-ഓളം ഹൗസ്ബോട്ടുകൾ പൊതു-സ്വകാര്യ-സംയുക്ത മേഖലകളിലായി പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. പ്രധാനമന്ത്രിയുടെ കുമരകം സന്ദർശനവേളയിൽ പ്രഖ്യാപിച്ചതനുസരിച്ച് തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജലപാത വികസിപ്പിക്കുന്നതിനായി 154.67 കോടി രൂപ വരുന്ന ഒരു പദ്ധതി ടൂറിസം വകുപ്പ് തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോവളം - ആക്കുളം ജലപാത ഗതാഗതയോഗ്യമാക്കാനുള്ള പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പ് 90 ലക്ഷം രൂപ അനുവദിച്ചു. കായലോരങ്ങൾ, ഉൾനാടൻ ജലാശയങ്ങൾ എന്നിവയ്ക്ക് മുഖ്യസ്ഥാനം നൽകി. ദേശീയ- അന്തർദേശീയ മേഖലകളിലും ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയും പ്രചരണപ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സ്വകാര്യ മേഖലയുമായിച്ചേർന്ന് ഏതെല്ലാം സംയുക്ത സംരംഭങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത്, അതിൽ ഏതെല്ലാം പ്രോജക്ടുകളാണ് ലാഭമുണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ടി. ആർ. കെ. എൽ-ഉം ടാജ് ഗ്രൂപ്പുമായി ചേർന്നുള്ള സംയുക്ത സംരംഭങ്ങൾ ഉണ്ടായപ്പോൾ. ആദ്യം 36000 രൂപയിൽ കൂടുതലായിരുന്നു ലാഭമെങ്കിൽ ഇപ്പോഴത് 96 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സംയുക്ത സംരംഭത്തിന്റെ ഭാഗമായി നല്ല നിലയിൽ ലാഭമുണ്ടായ സ്ഥിതിക്ക് സഹകരണമേഖലയെക്കൂടി ടൂറിസം മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പ്രൈവറ്റ് സെക്ടർ പോലെതന്നെ സഹകരണ മേഖലയ്ക്കും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുകയെന്നത് ഗവൺമെന്റിന്റെ നയമാണ്.

ശ്രീ. എം. ദാസൻ : കോഴിക്കോട് പട്ടണത്തിലെ ജനങ്ങൾ വളരെക്കാലമായി ആവശ്യപ്പെടുന്നതാണ് അവിടത്തെ സ്വപ്നനഗരി പ്രോജക്ട്. സംയുക്ത സംരംഭത്തിന്റെ ഭാഗമായി ഈ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കോഴിക്കോട്ടെ പ്രശ്നം സ്ഥലം ലഭ്യമായില്ല എന്നുള്ളതാണ് . സ്ഥലം കിട്ടിയിരുന്നെങ്കിൽ സ്വപ്നനഗരി പ്രോജക്ട് നടപ്പിലാകുമായിരുന്നു.

ശ്രീ. എം. ദാസൻ : എക്കോ ടൂറിസത്തിന്റെ ഭാഗമായുള്ള പദ്ധതി പാതിരാമണലിൽ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സംയുക്ത സംരംഭമെന്ന നയം വ്യക്തമായി തീരുമാനിച്ചു പ്രഖ്യാപിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ഒബ്റോയി ഗ്രൂപ്പുമായിട്ടും കരാർ ഉണ്ടാക്കിയത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. എന്നാൽ പാതിരാമണലിൽ പരിസ്ഥിതി പ്രശ്നം ഉള്ളതുകൊണ്ട് എക്കോ ടൂറിസം സംബന്ധിച്ച പഠനം നടത്തിയശേഷമേ പ്രോജക്ട് നടപ്പിലാക്കാവൂ എന്നായിരുന്നു ഗവൺമെന്റ് തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മുഹമ്മ പഞ്ചായത്തുതന്നെ അവിടെ പരിസ്ഥിതി പ്രശ്നമുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ പൂർണ്ണബോധ്യം വന്നശേഷം പദ്ധതി നടപ്പിലാക്കിയാൽ മതിയെന്നാണ് തീരുമാനം.

ശ്രീ. വി. കെ. ചന്ദ്രൻ : അന്തർദ്ദേശീയ സ്ഥാപനമായ വള്ളത്തോൾ കലാമണ്ഡലത്തെ ടൂറിസവുമായി ബന്ധപ്പെടുത്തി എന്തെങ്കിലും പദ്ധതികൾ രൂപപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ചില കാര്യങ്ങളൊക്കെ ഗവൺമെന്റിന്റെ ആലോചനയിലുണ്ട്. അവിടെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു പഠനം നടത്തിയപ്പോൾ, ഇവിടെ വരുന്ന വിദേശികൾക്ക് കലാപരിപാടികൾ ആസ്വദിക്കുന്നതിന് പ്രധാനപ്പെട്ട ഡെസ്റ്റിനേഷനിലെല്ലാം പരിപാടികൾ അവതരിപ്പിക്കണമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അതിനുവേണ്ടി കലാമണ്ഡലവുമായി ചേർന്നുള്ള പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. കലാമണ്ഡലകേന്ദ്രത്തിൽ ടൂറിസ്റ്റുകൾ വന്നാൽ ക്യാമ്പ് ചെയ്യാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കുന്നുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : സംയുക്ത സംരംഭമെന്ന നയം ആവിഷ്ക്കരിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് സംയുക്ത സംരംഭങ്ങൾ നൽകാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : 1993-ൽ TRKL-ഉം ടാജ് ഗ്രൂപ്പുമായിട്ടുള്ള സംയുക്ത സംരംഭം എറണാകുളം, കുമരകം, വർക്കല എന്നീ സ്ഥലങ്ങളിൽ ആരംഭിച്ചിരുന്നു. അവ ഭംഗിയായിട്ട് നടക്കുന്നുമുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഈ സഭയിലെ എന്റെ അവസാനത്തെ ചോദ്യമാണ്. വിദേശരാജ്യങ്ങളിൽ പോകുന്ന ഇൻഡ്യാക്കാർക്ക് പ്രത്യേക വൈദ്യപരിശോധന നടത്തുന്നതുപോലെ വിനോദ സഞ്ചാരികളാണെന്ന പേരിൽ കേരളത്തിൽ വരുന്ന വിദേശികളേയും വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് ടൂറിസവുമായി ബന്ധപ്പെട്ട കാര്യമല്ല. നമ്മൾ വിദേശത്തുപോയാലും വിദേശികൾ ഇവിടെ വന്നാലും ചില ഹെൽത്ത് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതുണ്ട്. വിദേശത്തു പോയിട്ട് തിരിച്ച് വരുന്നവർക്കും അത് ബാധകമാണ്.

മി. സ്പീക്കർ : പത്താം കേരള നിയമസഭയുടെ അവസാന ചോദ്യം അങ്ങ് തന്നെ ചോദിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly